ചോദ്യോത്തരം

**മുജീബ്**

# സോളിഡാരിറ്റിയുടെ പത്തു വര്‍ഷങ്ങള്‍

■ ***ഹാറൂന്‍ തങ്ങള്‍ കിളികൊല്ലൂര്‍, കൊല്ലം***

*"മറ്റെന്ത് അവകാശവാദം ഉന്നയിച്ചാലും ശരി സോളിഡാരിറ്റി ഒരു മതസംഘടനയാണ്. മതതീവ്രവാദം ആരോപിക്കപ്പെടുന്ന ജമാഅത്തെ ഇസ്‌ലാമിയുടെ യുവജന വിഭാഗം.*

*വിമോചന ദൈവശാസ്ത്രത്തിന്റെ ഇസ്‌ലാമിക എഡിഷന്‍ അവകാശപ്പെടുന്ന സോളിഡാരിറ്റിയുടെ പത്തു വര്‍ഷത്തെ പ്രവര്‍ത്തനം വിലയിരുത്തുമ്പോള്‍ അത് എത്രത്തോളം ഇസ്‌ലാമികമാണ് എന്ന് ആലോചിക്കേണ്ടിവരുന്നത് അതുകൊണ്ടാണ്. ഇസ്‌ലാമിനും മുസ്‌ലിംകള്‍ക്കുമെതിരായി ഉയര്‍ന്നുവരുന്ന അക്രമങ്ങളെ പ്രതിരോധിക്കാന്‍ അതിന് എത്രത്തോളം സാധിക്കുന്നുണ്ട്, ഇസ്‌ലാമിനെ കൂടുതല്‍ മാനവികമാക്കുന്നതില്‍ അത് ഏതളവില്‍ പങ്കുവഹിക്കുന്നുണ്ട്, മുസ്‌ലിം ചെറുപ്പക്കാരെ പ്രത്യയശാസ്ത്രപരമായ ഇടുക്കു തൊഴുത്തുകളില്‍ നിന്ന് മോചിപ്പിക്കുന്നതില്‍ സോളിഡാരിറ്റിയുടെ റോള്‍ എന്ത്. അധഃസ്ഥിതരോടും സ്ത്രീകളോടും ട്രാന്‍സെക്ഷ്വലുകളോടുമെന്നല്ല, പുറന്തള്ളപ്പെടുന്ന എല്ലാവരോടുമുള്ള അതിന്റെ ഇടപെടല്‍ എങ്ങനെയാണ് സാര്‍ഥകമാവുന്നത് എന്നതിന്റെയൊക്കെ അടിസ്ഥാനത്തിലാണ് പത്തുവര്‍ഷത്തെ പെര്‍ഫോമന്‍സിന് മാര്‍ക്കിടേണ്ടത്. പാലിയേക്കരയിലെയും പ്ലാച്ചിമടയിലെയും മുദ്രാവാക്യങ്ങളുടെ ഒച്ചയെ അടിസ്ഥാനമാക്കിയല്ല, സ്പോണ്‍സര്‍ ചെയ്തു വിജയിപ്പിച്ച ജനകീയ സമരങ്ങളെ പ്രതിയുമല്ല, മറിച്ച് എത്രത്തോളം ഇസ്‌ലാമികമാണ് എന്നതു തന്നെയായിരിക്കണം മാനദണ്ഡം. അങ്ങനെ നോക്കുമ്പോള്‍ സോളിഡാരിറ്റിക്ക് പാസ് മാര്‍ക്ക് കിട്ടുമോ? (എ.പി കുഞ്ഞാമു, 'സോളിഡാരിറ്റിയുടെ പത്തു വര്‍ഷം'- തേജസ് ദിനപത്രം 11-4-2013).*

■ ***അനസ് അബൂദബി***

*"പ്രബുദ്ധ കേരളത്തില്‍ ജനകീയ സമരങ്ങള്‍ സ്പോണ്‍സര്‍ ചെയ്യുന്ന സംഘടന എന്ന ഐഡന്റിറ്റിയാണ് ഇപ്പോള്‍ അവര്‍ക്കുള്ളത് (സമരങ്ങള്‍ നടത്തിക്കൊടുക്കപ്പെടും- ആക്ടിവിസത്തിലും ക്വട്ടേഷന്‍ സംഘമോ?) സ്പോണ്‍സര്‍ഷിപ്പ് സാധിക്കുന്നില്ലെങ്കില്‍ അവര്‍ സമരങ്ങളെ ഹൈജാക്ക് ചെയ്യും.*

*രണ്ടായാലും ഫലം ഒന്നുതന്നെ. ആക്ടിവിസത്തിന്റെ അച്ചടക്കമുള്ള ഒരു കാഡര്‍. ഇങ്ങനെയൊരു കാഡര്‍ ജനകീയ സമരങ്ങളില്‍ എത്രത്തോളം ഫലപ്രദമാണ്? 'സ്വിച്ചിട്ടാല്‍ കത്തുകയും സ്വിച്ചണച്ചാല്‍ കെടുകയും' ചെയ്യുന്ന അച്ചടക്കത്തിനു യഥാര്‍ഥ ജനകീയ സമരങ്ങളില്‍ ആര്‍ഭാടമാവാനേ വയ്ക്കൂ. ചിതറിത്തെറിക്കുന്ന ആള്‍ക്കൂട്ടത്തിന്റെ വികാര വിസ്ഫോടനമല്ല സോളിഡാരിറ്റി. സംഘടനക്ക് സമരങ്ങള്‍ സ്പോണ്‍സര്‍ ചെയ്യാനും നടത്തിക്കൊണ്ടുപോവാനും കഴിഞ്ഞെന്നുവരും. പക്ഷേ, മൗലികമായ പ്രക്ഷോഭത്തെ ജ്വലിപ്പിക്കാന്‍ പ്രയാസമാണ്. പത്തു വര്‍ഷത്തെ കേരളീയ ആക്ടിവിസവും അതില്‍ സോളിഡാരിറ്റിയുടെ റോളും വിശദമായി പരിശോധിക്കുമ്പോള്‍ അത് വ്യക്തമായിക്കൊള്ളും.*

*കേരളത്തിലെ വ്യവസ്ഥാപിത ആക്ടിവിസത്തിന് തണലായി നില്‍ക്കാന്‍ പത്തു വര്‍ഷം കൊണ്ട് സോളിഡാരിറ്റിക്ക് സാധിച്ചു. ഇടതുപക്ഷം പരാജയപ്പെട്ടിടത്തെ ഒഴിവ് നികത്താനാണ് സോളിഡാരിറ്റി പ്രത്യക്ഷപ്പെട്ടത്. ആക്ടിവിസ്റ്റുകള്‍ക്കും പരമസുഖം. ഇന്‍ഫ്രാസ്ട്രക്ചറുകളൊക്കെ സോളിഡാരിറ്റിക്കാര്‍ നോക്കിക്കൊള്ളും. ഇങ്ങനെയൊരു സ്പോണ്‍സേഡ് ആക്ടിവിസത്തിന് വഴിയൊരുക്കി എന്നതാണ് സോളിഡാരിറ്റി വരുത്തിവെച്ച ദോഷം" (എ.പി കുഞ്ഞാമു, ഏപ്രില്‍ 2013, പാഠഭേദം).*

*കുഞ്ഞാമുവിന്റെ നിരീക്ഷണത്തെ കുറിച്ച് മുജീബിന്റെ അഭിപ്രായം?*

**സോ**ളിഡാരിറ്റി യൂത്ത് മൂവ്മെന്റ് പ്രവര്‍ത്തനം ആരംഭിച്ചിട്ട് പത്തു വര്‍ഷം പിന്നിട്ടിരിക്കെ സംഘടന തന്നെ അതിന്റെ ഗതകാല പ്രവര്‍ത്തനങ്ങള്‍ വിമര്‍ശനാത്മകമായി വിലയിരുത്താന്‍ അവസരമൊരുക്കിയതിന്റെ സംക്ഷിപ്ത റിപ്പോര്‍ട്ടാണ് കഴിഞ്ഞ ലക്കം *പ്രബോധനം* വാരികയില്‍ പ്രസിദ്ധീകരിച്ചത്. സംഘടനയുടെ വക്താക്കളെയെന്ന പോലെ അതുമായി സഹകരിക്കുന്നവരെയും വിയോജിക്കുന്നവരെയുമെല്ലാം അണിനിരത്തി ഒരാത്മ പരിശോധനക്കും, പിഴവുകളും പാളിച്ചകളും തിരുത്തിക്കൊണ്ട് ഭാവി പരിപാടികള്‍ രൂപപ്പെടുത്താനുള്ള സന്നദ്ധതക്കും ഒരുവേള അതുല്യ മാതൃക

യാണ് ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ കേരളത്തിലെ യുവജന വിഭാഗം കാഴ്ചവെച്ചത്. ഈ പശ്ചാത്തലത്തിൽ വേണം എ.പി കുഞ്ഞാമു 'പാഠഭേദ'ത്തിൽ നടത്തിയ വിമർശനത്തെയും നോക്കിക്കാണാൻ.

സോളിഡാരിറ്റി ജമാഅത്തെ ഇസ്‌ലാമിയുടെ യുവജന വിഭാഗമാണെന്ന വസ്തുത ഒരിക്കലും ആ സംഘടനയോ ജമാഅത്തോ മറച്ചുവെച്ചില്ല. അതിനാൽ ആ പരിപ്രേക്ഷ്യത്തിൽ സോളിഡാരിറ്റിയെ വിലയിരുത്തുന്നത് സംഗതവും പ്രസക്തവും തന്നെയാണ്. ജമാഅത്തിൽ ആരോപിക്കപ്പെടുന്ന ഇസ്‌ലാമിക തീവ്രവാദത്തെക്കുറിച്ച തന്റെ സമീപനം സമർഥമായി മറച്ചുവെച്ചുകൊണ്ട്, സോളിഡാരിറ്റിയുടെ പ്രവർത്തനങ്ങൾക്ക് ഇസ്‌ലാമിക മാനങ്ങൾ അന്വേഷിക്കുകയാണദ്ദേഹം. അങ്ങനെ ചെയ്യുമ്പോൾ ഒന്നാമതായി പരിഗണിക്കപ്പെടേണ്ടത് ഇസ്‌ലാമിനെക്കുറിച്ച ജമാഅത്തെ ഇസ്‌ലാമിയുടെ മൗലിക ദർശനമാണ്. ഇസ്‌ലാമിനെ കേവലം സാമ്പ്രദായിക മതങ്ങളിലൊന്നായോ വിശ്വാസാചാരങ്ങളുടെ മാത്രം ധർമമായോ അംഗീകരിക്കാത്ത ജമാഅത്തെ ഇസ്‌ലാമി, സാമൂഹിക രാഷ്ട്രീയ സാമ്പത്തിക സാംസ്കാരിക രംഗങ്ങളെയാകെ സമഗ്രമായി മാർഗദർശനം ചെയ്യുന്ന സമ്പൂർണ ജീവിത വ്യവസ്ഥയായിട്ടാണ് ഇസ്‌ലാമിനെ അവതരിപ്പിച്ചുവന്നിട്ടുള്ളത്. അതുകൊണ്ടാണ് പൊളിറ്റിക്കൽ ഇസ്‌ലാമിനെ പ്രതിനിധീകരിക്കുന്ന പ്രസ്ഥാനമായി ജമാഅത്തിനെ *പാഠഭേദം* ഗ്രൂപ്പ് വിമർശിച്ചുവന്നിട്ടുള്ളതും. അപ്പോൾ സ്വാഭാവികമായും സോളിഡാരിറ്റി ഇടപെട്ടുവന്നിട്ടുള്ള മണ്ണിനെയും മനുഷ്യനെയും മറന്നുള്ള വികസനം, ദലിത്-പിന്നാക്ക വിഭാഗങ്ങളുടെ അധികാര പങ്കാളിത്തം, ലഹരി ഉപഭോഗത്തിന്റെ ഭയാനകമായ വ്യാപ്തി, അന്ധവിശ്വാസപരമായ ചൂഷണം, സേവനരംഗങ്ങളിൽ നിന്നുള്ള സർക്കാറുകളുടെ പിന്മാറ്റം, വെള്ളം-വായു അടക്കമുള്ള പ്രകൃതി വിഭവങ്ങളുടെ കുത്തകവത്കരണവും മലിനീകരണവും തുടങ്ങി സോളിഡാരിറ്റി കൈവെച്ച എല്ലാ വിഷയങ്ങളും ഏർപ്പെട്ട പോരാട്ടങ്ങളും ഇസ്‌ലാമിന് അന്യമായ ദൗത്യമായി സോളിഡാരിറ്റിയോ മാതൃസംഘടനയോ കാണുന്നില്ല. അങ്ങനെ കണ്ട സാമ്പ്രദായിക മത സംഘടനകൾ വരെ ഇപ്പോൾ മാറി ചിന്തിക്കാൻ നിർബന്ധിതമായിരിക്കുന്നതായി ലേഖകൻ തന്നെ സമ്മതിക്കുന്നു: "സോളിഡാരിറ്റിയുടെ ഏറ്റവും വലിയ സംഭാവന അത് ഇതര ഇസ്‌ലാമിക സംഘങ്ങളെ ആക്ടിവിസത്തിന്റെ പാതയിലേക്ക് തള്ളിവിട്ടു എന്നതാണ്." ഉപര്യുക്ത പ്രവർത്തനങ്ങൾ ഇസ്‌ലാമികമല്ലെന്ന് വാദിക്കാൻ ഇനി കേരളത്തിലെ ഒരു മത സംഘടനക്കും സാധ്യമല്ലല്ലോ. പാവങ്ങൾക്ക് പാർപ്പിട നിർമാണം, കുടിവെള്ള പദ്ധതി തുടങ്ങി സോളിഡാരിറ്റി വിജയകരമായി നടത്തിയ സേവന പ്രവർത്തനങ്ങൾ ഇസ്‌ലാമികമല്ലെന്ന് ശത്രുക്കൾ പോലും ആരോപിക്കുകയുമില്ല.

**ലൈംഗിക തൊഴിലാളികൾ എന്ന പേരിൽ വേശ്യകളെ സംഘടിപ്പിച്ച് അവരുടെ 'ന്യായമായ അവകാശങ്ങൾ'ക്ക് വേണ്ടി ശബ്ദമുയർത്താനുള്ള *പാഠഭേദം* മോഡൽ ആക്ടിവിസത്തിൽ ജമാഅത്തോ സോളിഡാരിറ്റിയോ വിശ്വസിക്കുന്നില്ല. അതിന്റെ പേരിൽ മതേതരപ്രതിഛായ എത്ര നഷ്ടപ്പെട്ടാലും ശരി, സോളിഡാരിറ്റിയുടെ മുഖം ഒരിസ്‌ലാമിക ധാർമിക യുവജന പ്രസ്ഥാനത്തിന്റേത് തന്നെയാണ്. അത് മനസ്സിലാക്കിത്തന്നെയാണ് അതിന്റെ പോരാട്ടങ്ങളിലും പ്രവർത്തനങ്ങളിലും മതേതരവാദികളും ആക്ടിവിസ്റ്റുകളും അതിനോട് സഹകരിക്കുന്നതും.**

ഇസ്‌ലാമിനും മുസ്‌ലിംകൾക്കുമെതിരായ ആക്രമണങ്ങളെ പ്രതിരോധിക്കാൻ സോളിഡാരിറ്റിക്ക് എത്രത്തോളം സാധിച്ചു എന്നാണ് കുഞ്ഞാമു ഉയർത്തുന്ന മറ്റൊരു ചോദ്യം. ഇസ്‌ലാമിനും മുസ്‌ലിംകൾക്കെതിരായ ഏറ്റവും ഭീകരമായ ആക്രമണത്തിന്റെ മുൻനിരയിലുള്ളത് സാമ്രാജ്യത്വവും സയണിസവും ഫാഷിസവുമാണെന്ന കാര്യം നിസ്തർക്കമാണ്. ഇവക്കെതിരായ പോരാട്ടത്തിൽ ജമാഅത്തെ ഇസ്‌ലാമിയും സോളിഡാരിറ്റിയും വഹിക്കുന്ന പങ്ക് കണ്ണും കാതുമുള്ള ആർക്കും നിഷേധിക്കാൻ കഴിയില്ല. തന്നെയല്ല, ഇന്ത്യയിൽ ഫാഷിസ്റ്റുകൾ നടത്തിക്കൊണ്ടിരിക്കുന്ന ആക്രമണങ്ങളെയും അതിന്റെ നേരെ ഭരണകൂടങ്ങൾ സ്വീകരിക്കുന്ന ഉദാസീന മനോഭാവത്തെയും മനുഷ്യാവകാശ സംരക്ഷണത്തിന്റെ വിശാല ഭൂമികയിൽനിന്ന് സമാധാനപൂർവം പ്രതിരോധിക്കുക എന്ന വിവേകപൂർവമായ നിലപാടാണ് ഇസ്‌ലാമിക പ്രസ്ഥാനം സ്വീകരിച്ചിരിക്കുന്നത്. കുഞ്ഞാമുവിന്റെ ലേഖനം പുനഃപ്രസിദ്ധീകരിച്ചവരുടെ ഉള്ളിലിരിപ്പ് അതല്ലെങ്കിൽ, അവരുടെ മാർഗം ആത്മഹത്യാപരമാണെന്ന് കരുതാനുള്ള അവകാശം തീർച്ചയായും മറ്റുള്ളവർക്കുണ്ട്. ലേഖകൻ ഇക്കാര്യത്തിൽ എവിടെ നിൽക്കുന്നു എന്ന് വ്യക്തമാക്കേണ്ടത് അദ്ദേഹം തന്നെയാണ്. 'കുറച്ചു കൊല്ലങ്ങൾക്ക് മുമ്പ് സ്വന്തമായ വഴിയിലൂടെ അൽപമൊന്ന് മാറി നടന്നതിന്റെ പേരിൽ (അതെ, നിസ്സാരമായ ഏതോ കാര്യത്തിന്റെ പേരിൽ) സിമിയുമായുള്ള ബന്ധം അറുത്തുമുറിച്ചെറിഞ്ഞ സംഘടനയാണ് ജമാഅത്തെ ഇസ്‌ലാമി' എന്നദ്ദേഹം ഓർമിപ്പിക്കുമ്പോൾ അദ്ദേഹത്തിന്റെ നിലപാടിനെക്കുറിച്ച് സംശയങ്ങൾ ഉയരുക സ്വാഭാവികം. സ്വതന്ത്ര അസ്തിത്വവും വ്യക്തിത്വവും നിലനിർത്തണമെന്നും ഒരു സംഘടനയോടും വിധേയത്വം വേണ്ടെന്നും തീരുമാനിച്ചത് സിമിയാണ്, ജമാഅത്തെ ഇസ്‌ലാമി അല്ലെന്നും അറിയാത്തയാളല്ല എ.പി കുഞ്ഞാമു. സിമി സ്വന്തമായ വഴിയിലൂടെ നടന്നതിന്റെ പേരിൽ ആ സംഘടന പിന്നീടകപ്പെട്ട ഊരാക്കുടുക്കുകൾ എന്തൊക്കെയാണെന്നും ലേഖകന് അസ്സലായറിയാം. അതുകൊണ്ടുതന്നെയാണ് ജമാഅത്ത് അതിന്റേതായ വിദ്യാർഥി, യുവജന സംഘടനകൾക്ക് രൂപം നൽകിയതും പ്രസ്ഥാനത്തിന്റെ ധാർമിക നിയന്ത്രണം ഉറപ്പുവരുത്തിയതും. അറപ്പും വെറുപ്പും മാത്രം ഉളവാക്കേണ്ട വേശ്യാവൃത്തിയെ

# ‘ശബാബി’ന്റെ പരിഭവം

**■ പി.എ.എസ് എറിയാട് കൊടുങ്ങല്ലൂർ**

*‘നവോത്ഥാന പ്രസ്ഥാനത്തിന്റെ ധർമവും ദൗത്യവും’ എന്ന തലവാചകത്തിൽ ശബാബ് വാരിക ലക്കം 35-ൽ എഴുതിയ എഡിറ്റോറിയലിൽനിന്ന്: “ദീർഘവീക്ഷണമോ ദാർശനിക ഔന്നത്യമോ കാണിക്കാത്ത ഒരുപറ്റം അത്യാവേശക്കാരുടെയും ആത്യന്തികവാദികളുടെയും പ്രഘോഷങ്ങൾക്ക് നമ്മുടെ മതങ്ങളെയും സമുദായങ്ങളെയും നാം വിട്ടുകൊടുക്കാൻ പാടില്ല.”*

*29-3-2013 മാധ്യമം എഡിറ്റോറിയലിന്റെ അവസാനവാക്യം.*

*മീഡിയ സഹജീവിയെ സ്നേഹപൂർവം ഉണർത്തട്ടെ! പത്ത് പന്ത്രണ്ട് വർഷമായി ഇക്കാര്യം പറഞ്ഞു പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്ന യഥാർഥ ഇസ്‌ലാഹി പ്രസ്ഥാനത്തെ ധാർമികമായി പിന്തുണക്കാൻ പോകട്ടെ, മര്യാദക്ക് ഒരു വാർത്ത പോലും നൽകി സഹകരിക്കാൻ തയാറാകാത്തവർ അന്ത്യകൂദാശ അടുത്തു എന്ന് കരുതിയിട്ടാണോ പരമാർഥം വിളിച്ചുപറഞ്ഞത്. അതോ സേട്ടു സാഹിബിനെ വീഴ്ത്തിയ, ജെ.ഡി.റ്റിയെ നശിപ്പിച്ച, മഅ്ദനിയെ വെടക്കാക്കിയ പത്രധർമം തുടരുകയോ? നവോത്ഥാനത്തിന്റെ ഒന്നാം പാദത്തെ മുക്തകണ്ഠം പ്രശംസിക്കുകയും അതിവിടെ തീർന്നിരിക്കുന്നു എന്ന് ഘോഷിക്കുകയും രണ്ടാം ഘട്ടത്തിന് മുഖവുര (ജമാഅത്ത് ലഘുലേഖ) ഒരുക്കാൻ സ്വയം ഇറങ്ങിത്തിരിക്കുകയുമാണോ?*

*മുജീബിന്റെ പ്രതികരണം?*

**ഒ**രു വ്യാഴവട്ടക്കാലം മുമ്പ് കേരള നദ്‌വത്തുൽ മുജാഹിദീനിൽനിന്ന് ഡോ. ഹുസൈൻ മടവൂരിന്റെ നേതൃത്വത്തിൽ ഒരു വിഭാഗം പിളർന്ന് പോയപ്പോൾ, അഥവാ അവരെ കെ.എൻ.എം നേതൃത്വം മുറിച്ചു മാറ്റിയപ്പോൾ അതിന് പറഞ്ഞ കാരണങ്ങളിൽ മുഖ്യമായത് പിളർന്ന ഗ്രൂപ്പിന് ഇഖ്‌വാനുൽ മുസ്‌ലിമൂന്റെയും ജമാഅത്തെ ഇസ്‌ലാമിയുടെയും ബാധയേറ്റു, ആ സംഘടനകളുടെ പാതയിലേക്ക് വ്യതിചലിച്ചുപോയി എന്നായിരുന്നു. ഈ ആരോപണത്തെ ശക്തിപൂർവം നിഷേധിച്ച ഐ.എസ്.എം വിഭാഗം തങ്ങൾ സലഫികൾ തന്നെയാണെന്ന് വരുത്തിത്തീർക്കാൻ ജമാഅത്തെ ഇസ്‌ലാമിക്കും ഇഖ്‌വാനുമെതിരെയുള്ള എതിർപ്പ് പൂർവാധികം ശക്തിപ്പെടുത്തുന്നതാണ് പിന്നീട് കണ്ടത്. *ശബാബ്* വാരികയുടെ മുൻ ലക്കങ്ങൾ തന്നെ സാക്ഷ്യപ്പെടുത്തുന്ന സത്യമാണിത്. ജമാഅത്തെ ഇസ്‌ലാമിയാകട്ടെ രണ്ട് വിഭാ

---

ഉന്മൂലനം ചെയ്യാനും അതിലേർപ്പെട്ട ഹതഭാഗ്യകകളെ മറ്റു തൊഴിലുകളിൽ പുനരധിവസിപ്പിക്കാനും യത്നിക്കുന്നതിന് പകരം, ലൈംഗിക തൊഴിലാളികൾ എന്ന പേരിൽ വേശ്യകളെ സംഘടിപ്പിച്ച് അവരുടെ ‘ന്യായമായ അവകാശങ്ങൾ’ക്ക് വേണ്ടി ശബ്ദമുയർത്താനുള്ള *പാഠഭേദം* മോഡൽ ആക്ടിവിസത്തിൽ ജമാഅത്തോ സോളിഡാരിറ്റിയോ വിശ്വസിക്കുന്നില്ല. അതിന്റെ പേരിൽ മതേതരപ്രതിഛായ എത്ര നഷ്ടപ്പെട്ടാലും ശരി, സോളിഡാരിറ്റിയുടെ മുഖം ഒരിസ്‌ലാമിക ധാർമിക യുവജന പ്രസ്ഥാനത്തിന്റേത് തന്നെയാണ്. അത് മനസ്സിലാക്കിത്തന്നെയാണ് അതിന്റെ പോരാട്ടങ്ങളിലും പ്രവർത്തനങ്ങളിലും മതേതരവാദികളും ആക്ടിവിസ്റ്റുകളും അതിനോട് സഹകരിക്കുന്നതും. തങ്ങൾ സഹകരിക്കുമ്പോഴും വിയോജനങ്ങൾ പരസ്യമായും വ്യക്തമായും രേഖപ്പെടുത്താനും അവർക്ക് മടിയില്ല. സഹകരണം എന്നാൽ ഏകപക്ഷീയമായ ഇടപാടല്ല. യോജിപ്പുള്ള കാര്യങ്ങളിൽ അങ്ങോട്ടും ഇങ്ങോട്ടും സഹായിക്കുമ്പോഴാണ് സഹകരണമാവുക. അങ്ങനെ ചെയ്യുമ്പോൾ അതൊക്കെ സ്പോൺസേഡ് പരിപാടിയാണെന്നും മറ്റു ആക്ടിവിസ്റ്റുകൾ ചെയ്യുന്ന സമരങ്ങളെ സോളിഡാരിറ്റി സ്പോൺസർ ചെയ്യുകയാണെന്നുമുള്ള വ്യാഖ്യാനം കുശുമ്പും കുന്നായ്മയുമായി തന്നെ കാണേണ്ടിവരും. ‘ഏതായാലും സോളിഡാരിറ്റിയുള്ള പത്ത് വർഷക്കാലത്തെ കേരളത്തെ നോക്കി നെഞ്ചത്തടിച്ച് കരയേണ്ടത് ഇവിടത്തെ ആക്ടിവിസ്റ്റുകളാണ്. മണ്ണും ചാരി നിന്നവർ പെണ്ണും കൊണ്ട് പോയല്ലോ’ എന്ന് കുറിച്ചുകൊണ്ടാണ് കുഞ്ഞാമു *പാഠഭേദ*ത്തിലെ തന്റെ വിമർശനം അവസാനിപ്പിക്കുന്നത്. ലേഖനം തങ്ങളുടെ വായനക്കാർക്ക് പുനർ വായനക്ക് നൽകിയ *തേജസ്* ഈ വാചകം മാത്രം മുറിച്ചുകളഞ്ഞത് കുന്നായ്മയുടെ പാരമ്യതയോ അതോ അത് പ്രശംസയാണെന്ന് ധരിച്ചുവശാവാൻ മാത്രമുള്ള മണ്ടത്തരമോ?

ആക്ടിവിസമെന്നാൽ വെറും കാടിളക്കലല്ലെന്നും ശരിയായ ദിശാബോധത്തോടെയുള്ള വ്യവസ്ഥാപിത പ്രവർത്തനങ്ങളാണെന്നും തിരിച്ചറിഞ്ഞതാണ് സോളിഡാരിറ്റിക്ക് സംഭവിച്ച ‘പരാജയ’മെങ്കിൽ ആ പരാജയമാണ് വിജയത്തേക്കാൾ ഭൂഷണമെന്ന് കൂടി ഓർമിപ്പിക്കട്ടെ. ■

ഗത്തോടും സൗഹൃദം പുലർത്താനും ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും നല്ല ബന്ധം തുടരാനുമാണ് ശ്രമിച്ചത്. മാത്രമല്ല, സലഫികളുടെ പിളർപ്പ് ഖേദകരമാണെന്നും പുനരേകീകരണം നടക്കണമെന്നും അഭിപ്രായപ്പെടുകയും ചെയ്തു. പക്ഷേ, പുനരേകീകരണ ശ്രമങ്ങൾ പലതും നടന്നെങ്കിലും എല്ലാം വിഫലമായി. ഇരുപക്ഷവും കോടതികളിൽ കയറിയിറങ്ങി കേസുകൾക്കും കുണ്ടാമണ്ടികൾക്കുമായി ഒരുപാട് സമയവും ഊർജവും ദ്രവ്യവും ചെലവഴിക്കുകയും ചെയ്തു. പരമ്പര ഇപ്പോഴും തുടരുന്നു.

ഇതിലൊന്നും *മാധ്യമം* പത്രം ഏതെങ്കിലും പക്ഷം പിടിക്കുകയോ ആരോടെങ്കിലും പ്രത്യേകമായ ചായ്‌വ് പ്രകടിപ്പിക്കുകയോ ചെയ്തിട്ടില്ലെന്ന് ആ പത്രം വായിക്കുന്നവർക്കൊക്കെ സാമാന്യമായറിയാവുന്ന വസ്തുതയാണ്. യഥാർഥ ഇസ്‌ലാഹി പ്രസ്ഥാനം എന്ന് ഇരുകൂട്ടരും അവകാശപ്പെടുന്ന സ്ഥിതിക്ക് ഒരു വിഭാഗത്തെ മാത്രം പിന്താങ്ങുന്നതിൽ അർഥവുമില്ല. പിന്നെ എന്ത് പറയുമ്പോഴും പഴകിപ്പുളിച്ച കള്ളങ്ങൾ ആവർത്തിക്കുന്ന പതിവിനെക്കുറിച്ച് പ്രതികരിക്കാതിരിക്കുന്നതാണ് മാന്യത. സേട്ടുവിനെ ആർജവമുള്ള നിലപാടിന്റെ പേരിൽ പുറംതള്ളിയത് അദ്ദേഹത്തിന്റെ പാർട്ടിയാണ്. ജെ.ഡി.റ്റിയെ നാശത്തിൽനിന്ന് വീണ്ടെടുത്ത് പ്രതിബദ്ധതയും കാര്യശേഷിയുമുള്ള കരങ്ങളെ അതിന്റെ ഭരണം ഏൽപിക്കാനും മുമ്പെന്നത്തേക്കാളും ഭംഗിയായി അതിന്റെ നടത്തിപ്പ് ഉറപ്പുവരുത്താനും അവസരമൊരുക്കിയത് *മാധ്യമ*ത്തിന്റെ ഇടപെടലാണെന്ന് പക്ഷപാതിത്വ തിമിരം ബാധിക്കാത്ത കണ്ണുകൾക്ക് കാണാനാവും. മഅ്ദനിയെ ആരും വെടക്കാക്കിയതല്ല, പിന്നാക്ക ന്യൂനപക്ഷ ജനവിഭാഗങ്ങളുടെ അവകാശങ്ങൾക്ക് വേണ്ടി പൊരുതിയതിന്റെ പേരിൽ അദ്ദേഹത്തെ ഉന്മൂലനം ചെയ്യാൻ തൽപര കക്ഷികൾ ശ്രമിച്ചതാണ്. സങ്കുചിത രാഷ്ട്രീയ താൽപര്യക്കാർ അവർക്ക് കൂട്ടാവുകയും ചെയ്തു. ഈ സത്യങ്ങളൊക്കെ ലോകത്തെ അറിയിച്ചതാണ് *മാധ്യമം* ചെയ്ത 'തെറ്റ്'. ഒരുപറ്റം സലഫികൾ ജിന്നും സിഹ്‌റും മിമ്പറുകളിലും ക്ലാസ് മുറികളിലും തെരുവുകളിലും സജീവ ചർച്ചാവിഷയമാക്കി ഇസ്‌ലാഹീ പ്രസ്ഥാനത്തെ തകർക്കാൻ ശ്രമിക്കുന്നതാണ് ഇപ്പോൾ നടക്കുന്നത്. നേരത്തെ ഇസ്‌ലാമിക പ്രസ്ഥാനത്തെ തേജോവധം ചെയ്യാൻ സലഫിസത്തെ ഉപയോഗിച്ച അതേ വിഭാഗം തന്നെയാണിവർ. പക്ഷേ, എതിർപ്പ് മുഴുവൻ ഇസ്‌ലാമിക പ്രസ്ഥാനത്തിന് നേരെ കേന്ദ്രീകരിച്ചപ്പോൾ അതിന് കൂട്ട് നിൽക്കുകയോ നിസ്സംഗത പാലിക്കുകയോ ചെയ്തവർ ഇന്ന് കുലംകുത്തികൾ സ്വന്തം പ്രസ്ഥാനത്തെ തന്നെ തകർക്കാൻ മിനക്കെടുമ്പോൾ കണ്ണ് തുറക്കേണ്ടിവരുന്നു. ഈ അസംബന്ധ വിവാദവും അത് സൃഷ്ടിച്ച വൈരനിര്യാതനവും സമുദായത്തെ വിനാശത്തിലേക്ക് നയിക്കുന്ന കാര്യമാണ് *മാധ്യമം* മുഖപ്രസംഗത്തിലൂടെ ചൂണ്ടിക്കാട്ടിയത്. ■

# നീതിയിലധിഷ്ഠിതമായ സമീപനം

■ ***പി.വി ഉമർ കോയ പന്നിയങ്കര***

*"മതേതര രാജ്യത്ത് മറ്റു സമുദായങ്ങളോട് നീതിയിലും നന്മയിലുമധിഷ്ഠിതമായ നിലപാട് സ്വീകരിക്കണമെന്നാണ് ഖുർആനും പ്രവാചകചര്യയും പഠിപ്പിക്കുന്നത്. മദീനയുടെ രാഷ്ട്ര ഭദ്രതക്ക് വേണ്ടി ജൂത സമൂഹവുമായി പ്രവാചകൻ കരാറുണ്ടാക്കിയത് ശ്രദ്ധേയമാണ്. എന്നിരിക്കെ ഇന്ത്യയിൽ മതരാഷ്ട്രവാദവും തീവ്രവാദവും മതത്തിന്റെ ലേബലിൽ ന്യായീകരിക്കാൻ ശ്രമിക്കുന്നത് വിശ്വാസികൾ ചെറുത്തു തോൽപിക്കണം"- കെ.എൻ.എമ്മിൽനിന്നും ഈയിടെ പിളർന്നുണ്ടായ വിഭാഗം കോഴിക്കോട് കടപ്പുറത്ത് നടത്തിയ മുജാഹിദ് ദഅ്‌വാ സമ്മേളനം അംഗീകരിച്ച പ്രമേയത്തിൽനിന്ന്. പ്രതികരണം?*

**ഇ**ന്ത്യയിലെന്നല്ല ലോകത്തെല്ലായിടത്തും മതരാഷ്ട്രവാദവും തീവ്രവാദവും ആര് കൊണ്ടുനടന്നാലും വിശ്വാസികൾ മാത്രമല്ല അവിശ്വാസികളും ചെറുത്തു തോൽപിക്കണം. മതതീവ്രവാദത്തിന്റെ ഏറ്റവും മോശമായ ഉദാഹരണമാണ് അദൃശ്യ ജീവികളെ മുൻനിർത്തിയുള്ള ശാഠ്യങ്ങളുടെ പേരിൽ ശക്തവും സക്രിയവുമായ ഒരു സംസ്കരണ പ്രസ്ഥാനത്തെ ശിഥിലമാക്കുന്നതും ജൂത രേഖകളെ അവലംബമാക്കി ഇസ്‌ലാമിന്റെ മൂലപ്രമാണങ്ങളെ ദുർവ്യാഖ്യാനിക്കുന്നതും. ■